**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4759**

26.06.2018 ൽ മറുപടിയ്ക്ക്

## മുൻ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് പ്രത്യേക പരിരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ :** | | **എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | മുൻ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് സർക്കാർ എന്തെങ്കിലും പ്രത്യേക പരിരക്ഷ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (എ) | ഉണ്ട്. സാമൂഹ്യസുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശത അനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും തനത് പ്ലാൻ ഫണ്ടിൽ നിന്നും അവയുടെ കമ്മിറ്റി/കൗൺസിൽ തീരുമാനത്തിന് വിധേയമായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേമെന്റ് ഗേറ്റ് വേയിലേക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 6.05.2013 - ലെ ജി.ഒ (സാധാ) 1209/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സ.ഉ. (സാധാ) നം.2983/2014/ത.സ്വ.ഭ.വ. തീയതി 17.11.2014 പ്രകാരം ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ |

| | | | |
|---|---|---|---|
| | | | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2015-16 സാമ്പത്തിക വർഷം വരെ ഇൻഷ്വറൻസ് പ്രീമിയം അടച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ജനപ്രതിനിധികൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിൽ 2016-19 ലെ അക്കൗണ്ടന്റ് ജനറലിന്റെ പെർഫോർമെൻസ് ആഡിറ്റ് റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിലെ നിരാലംബരായവർക്കും, പാവപ്പെട്ടവർക്കും സംരക്ഷണവും, സഹായവും നൽകുന്നതിനായി പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുടർന്നും ടി ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി നൽകുന്നതിനും 18.05.2017 തീയതിയിലെ സ.ഉ(സാധാ)നം.1621/2017/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത ഉപസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനായി വിവിധ തലങ്ങളിലുള്ള തദ്ദേശസ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവരങ്ങൾ ശേഖരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ